**'ജലം ജീവാമൃതം'**

## ചീഫ് എഞ്ചിനീയർ (Hrd & Gl ) ന്റെ നടപടിക്രമം

വിഷയം:-കേ.വാ .അ - ജീവനക്കാര്യം - 17 .11 .1987 ലെ സ.ഉ.(പി).നമ്പർ.968/ 87 /Fin ബാധകമാക്കി ഇന്റർമീഡിയറി പോസ്റ്റുകളിൽ നോഷണൽ പ്രൊമോഷൻ നൽകുന്നത് വ്യക്തത വരുത്തി ഉത്തരാവാകുന്നു.

---

# കേരള വാട്ടർ അതോറിറ്റി

നമ്പർ: കെ ഡബ്ല്യൂ എ/JB/E2(B)/9736/2017 DDFS    തീയതി, തിരുവനന്തപുരം, 14.10.2020

---

സൂചന:- 1. 17 .11 .1987 തീയതിയിലെ സ.ഉ.(പി).നമ്പർ.968/ 87 /Fin

2. 14 .06 .1988 തീയതിയിലെ അക്കൗണ്ടന്റ് ജനറലിനു നൽകിയ സർക്കാർ കത്ത് നമ്പർ 93848 /R 1/ 87/ Fin

3. ഈ ഓഫീസിലെ നമ്പർ .KWA/JB/E2(B)/9736/2017 06.04.2019 തീയതിലെ മാനേജിങ് ഡയറക്ടറുടെ നടപടിക്രമം.

4. നമ്പർ .KWA/JB/E(2)B/9736/2017 DDFS 18.06.2020 ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി &ജനറൽ) ന്റെ നടപടിക്രമം.

5. ഡിവിഷണൽ അക്കൗണ്ടന്റ്/സീനിയർ സൂപ്രണ്ട് /റവന്യൂ ഓഫിസർ എന്നിവരിൽ നിന്ന് ലഭ്യമായ അപേക്ഷകൾ.

### ഉത്തരവ്

കേരള വാട്ടർ അതോറിറ്റിയിലെ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ, സീനിയർ സൂപ്രണ്ട് / റവന്യൂ ഓഫീസർ എന്നി തസ്തികകളിൽ നിന്നും റേഷ്യോ ഹയർ ഗ്രേഡ് ലഭിക്കാതെ യാഥാക്രമം സൂപ്രണ്ട് / റവന്യൂ ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ തസ്തികകളിൽ സ്ഥാനകയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് അതിനുശേഷം ശമ്പളം ഫിക്സ് ചെയ്യുമ്പോൾ ഹയർ ഗ്രേഡ് വാങ്ങി സ്ഥാനക്കയറ്റം ലഭിച്ച ജൂനിയറെ അപേക്ഷിച്ച ശമ്പളത്തിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. വിവിധ കേസുകൾ പരിശോധിച്ച് മേൽ പരാതികൾ ശരിയാണെന്നു കണ്ടെത്തുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ മൂന്നു പരാതികൾ വിശദമായി പരിശോധിച്ച് പരാമർശം 1 സർക്കാരുത്തരവിന്റെയും പരാമർശം 2 സർക്കാർ കത്തിന്റെയും അടിസ്ഥാനത്തിൽ ആനുകൂല്യം സൂചന 3,4 പ്രകാരം ഉത്തരവാക്കിനൽകുകയും ചെയ്തിട്ടുണ്ട്. വീണ്ടും നിരവധി ഇത്തരം അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കേരള വാട്ടർ അതോറിറ്റിയിലെ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ/സീനിയർ സൂപ്രണ്ട്/റവന്യൂ ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ എന്ന Line of Promotion നിൽ വന്നിട്ടുള്ളവർക്ക് സ്ഥാനക്കയറ്റങ്ങളിൽ റേഷ്യോ ഹയർ ഗ്രേഡ് ലഭിക്കാത്തവർക്ക് മേൽപരാമർശ ഉത്തരവ് ബാധകമാക്കി ഇതിനാൽ ഉത്തരവാകുന്നു. ഉദാഹരണം സഹിതമുള്ള മേൽ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. അക്കൗണ്ട്സ് ഓഫീസർ (പേ സ്ലിപ്പ് &പെൻഷൻ) ഇത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ടി ഉത്തരവ് ബാധകമാക്കി ശമ്പളം അർഹതപ്പെട്ടവർക്ക്

Draft #3 of File KWA/JB/E2(B)/9736/2017 DDFS Approved by Chief Engineer (HRD&GL) on 14-Oct-2020 09:39 AM - Page 1

പുനർനിർണയിക്കാവുന്നതാണ് . ഇത് സംബന്ധിച്ച് G.O(P)No.169/2019/Fin തീയതി 13.12.2019 പ്രകാരമുള്ള സാക്ഷ്യപത്രം ആനുകൂല്യം നൽകുന്ന ജീവനക്കാരിൽ നിന്ന് വാങ്ങി അക്കൗണ്ട് ഓഫിസർ (പേ സ്ലിപ് & പെൻഷൻ) മേലൊപ്പോടു കൂടി അവരുടെ പേ സ്ലിപ് /പെൻഷൻ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

ഈ ആനുകൂല്യം 12.10.2018 ലെ WA No. 994/2017 ഉം ബന്ധപ്പെട്ട 8 കേസുകളിലും ബഹുമാനപ്പെട്ട ഹൈകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ, സീനിയർ സൂപ്രണ്ട് / റവന്യൂ ഓഫീസർ എന്നി തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റ് പുനഃക്രമീകരിച്ച തീർപ്പാകുന്നതിനും വിധേയമായിരിക്കും എന്നിതിനാൽ ഉത്തരവാകുന്നു .

ഉള്ളടക്കം:-1.G.O(P) No.968/87/Fin dated, 17.11.1987

2.G.O(P) No.69/2019/Fin dated, 13.12.2019

(ഒപ്പ്)

ചീഫ് എഞ്ചിനീയർ (എച്ച് ആർ ഡി & ജനറൽ)

സ്വീകർത്താവ്

The DBA for publishing in the official website of KWA

ഉത്തരവിന്റെ പകർപ്പ്

1 .For effecting the benefits of the GO,while fixation is done in the promotion as SS/ RO or AO cadre .

2 .ആനുകൂല്യത്തിനായി ലഭിച്ച അപേക്ഷകൾ തുടർനടപടികൾക്കായി അക്കൗണ്ട്സ് ഓഫീസർ (പേ സ്ലിപ് & പെൻഷൻ) നു കൈമാറുന്നു.

MD/ CE(HRD &GL )/ DCE(GL/ FM&CAO/SrAO/IA I/ AO(E&A)/ AO(P&P)/ SS/ SS/ JS/ OC/ SF

Draft #3 of File KWA/JB/E2(B)/9736/2017 DDFS Approved by Chief Engineer (HRD&GL) on 14-Oct-2020 09:39 AM - Page 2

The document is digitally approved. Hence signature is not needed.